# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4702. 26-06-2019 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.സി. ദിവാകരൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കി വരുന്ന സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ, പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, റസിഡന്റ്സ് അസ്സോസിയേഷനുകളിലും, മത/സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ടായിരുന്നു.<br>2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18 ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ കൃഷി ചെയ്തു. 2018-19 സാമ്പത്തിക വർഷം പ്രതികൂലമായ കാലാവസ്ഥയായിരുന്നു കരനെല്ല് കൃഷി ചെയ്യുന്ന ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത്. എന്നിട്ടും, 2338.471 ഹെക്ടറിൽ കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പ് സാമ്പത്തിക വർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പാക്കുന്നതിനു 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിലുടനീളം ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേ-ഷനുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | | | മത/സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയും കരനെൽ കൃഷി നടപ്പാക്കുന്നതിൽ സജീവമായി സഹകരിച്ചിട്ടുണ്ട്. സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും കരനെല്ല് കൃഷി ചെയ്യിക്കാൻ കൃഷി വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**